# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4940 | 05.02.2014-ൽ മറുപടിക്ക് |
|---|---|

## സി.ഡി.പി.ഒ. തസ്തികകളിലെ സംവരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സി.ഡി.പി.ഒ. തസ്തികകൾ വനിതകൾക്കു മാത്രമായി സംവരണം ചെയ്തപ്പോൾ പുരുഷ ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട പ്രൊമോഷൻ തടസ്സപ്പെടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിച്ചുവോ; | (എ) | സി.ഡി.പി.ഒ. തസ്തികകൾ വനിതകൾക്കു മാത്രമായി കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംവരണം ചെയ്തപ്പോൾ പുരുഷ ജീവനക്കാർക്ക് മുൻകാലത്തെ പ്രത്യേക ചട്ടങ്ങൾ പ്രകാരം ലഭിക്കേണ്ട പ്രൊമോഷൻ തടസ്സപ്പെടുന്ന സാഹചര്യം സംജാതമായിരുന്നെങ്കിലും എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്ന തരത്തിൽ വിശേഷാൽ ചട്ടത്തിൽ പിന്നീട് ഭേദഗതി വരുത്തിയിട്ടുണ്ട്. പുരുഷ ജീവനക്കാർക്ക് മാത്രമായി സംവരണം നൽകുന്നതിനും അപ്രകാരം അവർക്ക് അധിക തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നല്കുന്നതിനുമുള്ള സാദ്ധ്യത വകുപ്പിൽ നിലവിലില്ല. |
| (ബി) | ഇപ്രകാരം സി.ഡി.പി.ഒ. തസ്തികയിൽ വനിതാ സംവരണം നടപ്പാക്കിയ ശേഷം മിനിസ്റ്റീരിയൽ വിഭാഗത്തിൽപെട്ട വനിതകളെ സി.ഡി.പി.ഒ. തസ്തികയിൽ നിന്ന് ഒഴിവാക്കേണ്ടതായ സാഹചര്യം ഉണ്ടായോ എന്നുള്ള വിശദാംശങ്ങൾ നല്കുമോ; | (ബി) | 2010-ൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്തപ്പോൾ ശിശുവികസന പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രസ്തുത മേഖലയിലുള്ള പ്രവർത്തന പരിചയം കണക്കിലെടുത്താണ് സൂപ്പർവൈസർമാർ ഉൾപ്പെടെ, ഇതുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് മാത്രമായി സി.ഡി.പി.ഒ. തസ്തിക സംവരണം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം വനിതാ സംവരണം ഏർപ്പെടുത്തിയതുമൂലം പുരുഷന്മാരായ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെട്ടതു പരിഹരിക്കുന്നതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിരുന്നുവോ; | (സി) | വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രൊമോഷൻ സാധ്യതകൾ കണക്കിലെടുത്ത് സ്പെഷ്യൽ റൂൾ 2012-ൽ ഭേദഗതി ചെയ്തിട്ടുണ്ട്. പുരുഷ വിഭാഗം ജീവനക്കാർക്കു മാത്രമായി പ്രൊമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത വകുപ്പിൽ നിലവിലില്ല. |
| (ഡി) | ഇപ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയപ്പോൾ നിലവിൽ ഇവർക്ക് ലഭിച്ചു കൊണ്ടിരുന്ന പ്രൊമോഷൻ ഇല്ലാതായി എന്നതിനെപ്പറ്റിയുള്ള പരാതികൾ ഉയർന്നത് ശ്രദ്ധയിൽ പ്പെട്ടുവോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ കഴമ്പുള്ളവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ